പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2563

01.04.2013 ൽ മറുപടിയ്ക്ക്

# യുവജനങ്ങൾക്കായി ക്ഷേമ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് യുവജനങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ? | (എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംസ്ഥാനത്ത് യുവജനങ്ങളുടെ ക്ഷേമത്തിനായി താഴെ ചേർത്തിട്ടുള്ള പദ്ധതികൾ വിജയകരമായി നടത്തി വരുന്നു.<br>1. കേരളോത്സവം<br>2. യുവശക്തി<br>3. യുവമാധ്യമ ക്യാമ്പ്<br>4. ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്<br>5. വനിതാശില്പശാല<br>6. പി.എസ്.സി ഓൺലൈൻ പരിശീലനം<br>7. സ്പോർട്സ് കിറ്റ് വിതരണം<br>8. വ്യവസായസംരംഭകത്വ പരിപാടി<br>9. അഡ്വഞ്ചർ കാർണിവൽ (ദേവികുളം - പാരാഗ്ലൈയ്ഡിംഗ്, മൺസൂൺ ട്രക്കിംഗ്, അഡ്വഞ്ചർ ട്രെയ്നിംഗ്. മുഴപ്പിലങ്ങാട് - പാരാസെയ് ലിംഗ്, ആർച്ചറി ട്രെയ്നിംഗ്, സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നത്)<br>10. യുവവാണി ഫോക്റോക് മ്യൂസിക് ഫെസ്റ്റ്<br>11. സ്വയംതൊഴിൽ പരിശീലന പദ്ധതി / |

ബോധവൽക്കരണം/കാർഷിക വികസന പദ്ധതി.

12. യൂത്ത് അവാർഡ്
13. കാപ്പൊലി
14. പ്ലാസ്റ്റിക് വിരുദ്ധ ബോധവൽക്കരണം
15. യുവസാഹിത്യ ക്യാമ്പ്
16. വിഷൻ 2030
17. ജോബ്ഫെസ്റ്റ്
18. ഗോത്രവർഗ്ഗ യുവതികൾക്കായുള്ള ക്യാമ്പ്
19. യുവജനനയം പ്രഖ്യാപിച്ചിട്ടുണ്ട്.
20. നാടിക (നാടക ക്യാമ്പ്)
21. യൂത്ത് റിസോഴ്സ് സെന്റർ
22. പി.എസ്.സി, ബാങ്ക് ജോലികൾക്കുള്ള പരിശീലന പരിപാടി
23. സ്പോർട്സ് സ്കൂളിന് ഉപകരണം വാങ്ങുന്നതിന് ധനസഹായം
24. കാർഷികപരിശീലന പരിപാടി
25. സ്വയംസംരംഭകത്വ പരിപാടി
26. രക്തദാനസേന
27. ആസ്ഥാനമന്ദിരം /ജില്ലാ മന്ദിര നിർമ്മാണം
28. കാരുണ്യസ്പർശം ചികിത്സാ സഹായം
29. ദേശീയോദ്ഗ്രഥനക്യാമ്പ് - ജാഗരൺ ഭാരത്
30. ഭാരത് ദർശൻ
31. യുവചിത്രരചനാ ക്യാമ്പ്
32. യുവനേതൃത്വ ക്യാമ്പ്
33. യുവ ചലച്ചിത്ര ക്യാമ്പ്
34. ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം
35. വ്യക്തിത്വവികസന പരിശീലന ക്യാമ്പ്
36. ലഹരിവിരുദ്ധ ബോധവൽക്കരണ ജാഥ
37. കളരിപ്പയറ്റ് പരിശീലനം
38. ഡി.റ്റി.പി പരിശീലനം

2013–14 സാമ്പത്തികവർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

2 അനുബന്ധം I

## കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്
## 2013-14 സാമ്പത്തിക വർഷത്തിലെ പുതിയ പദ്ധതികളെ കുറിച്ചുള്ള കുറിപ്പ്

കേരളത്തിലെ യുവജനക്ഷേമ പരിപാടികൾ നടത്താൻ നിയോഗിക്കപ്പെട്ടിട്ടുള്ള സംഘടനയാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്. കേരള സർക്കാർ 05.12.2012 ന് സംസ്ഥാനത്തിന്റെ പുതിയ യുവജനനയം അംഗീകരിച്ച സാഹചര്യത്തിൽ നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടി 2013-14 സാമ്പത്തികവർഷത്തിൽ പ്രധാനപ്പെട്ട പുതിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

### 1. ജീവദായിനി- സമഗ്ര രക്തദാന പരിപാടി

കേരളത്തിലെ യുവാക്കൾ നടത്തുന്ന പ്രധാനപ്പെട്ട സാമൂഹ്യ പ്രവർത്തനമാണ് രക്തദാനം. രക്ത സന്നിവേശവുമായി ബന്ധപ്പെട്ട പഠനങ്ങൾ സൂചിപ്പിക്കുന്നത് ആവശ്യത്തിനുള്ള രക്തവും അനുബന്ധ ഘടകങ്ങളും പലപ്പോഴും ലഭിക്കാറില്ല എന്നതാണ്. ഈ രംഗത്ത് ഗുരുതരമായ സ്ഥിതിവിശേഷമാണ് ആവശ്യമുള്ള അളവിൽ രക്തം ലഭിക്കാത്തത് കൊണ്ട് സംജാതമായിരിക്കുന്നത്. എന്നാൽ രക്തദാനം ചെയ്യാൻ യോഗ്യരായവരിൽ 20% താഴെ മാത്രമേ രക്തദാനത്തിൽ ഒരിക്കലെങ്കിലും ഏർപ്പെട്ടിട്ടുള്ളൂ. സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന 4500 ഓളം യുവജന ക്ലബ്ബുകളുണ്ട്. മാത്രമല്ല യുവാക്കൾക്കിടയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകൾ, എൻ.സി.സി, എൻ.എസ്.എസ് തുടങ്ങിയ സംഘടനകൾ ഇവയുമായി സഹകരിച്ചുകൊണ്ട് എല്ലാ ജില്ലകളിലും പ്രതിദിനം ഒരു രക്തദാന ക്യാമ്പ് എങ്കിലും സംഘടിപ്പിക്കാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

മാത്രമല്ല അടിയന്തിര സാഹചര്യത്തിൽ രക്തത്തിന് ആവശ്യം വരുന്നവർക്ക് രക്തബാങ്കിൽ നിന്ന് അത് എത്തിക്കുവാൻ വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈനും ഓൺ ലൈൻ ഡയറക്ടറിയും പ്രവർത്തിപ്പിക്കുവാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമായി സംഘടിപ്പിക്കുന്നതിനു വേണ്ടി 2013-14 സാമ്പത്തിക വർഷം 215 ലക്ഷം രൂപ വകയിരുത്തേണ്ടതാണ്.

### 2. ഇ-സാക്ഷരത - സമ്പൂർണ്ണ കമ്പ്യൂട്ടർ സാക്ഷരതാ യജ്ഞം

ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ സാക്ഷരത നേടിയ സംസ്ഥാനമായി കേരളത്തിനെ പ്രഖ്യാപിച്ചത് 1991 ലാണ്. അതിനു ശേഷം 2 ദശാബ്ദമായി ഇ-ഗവേർണൺസും എം-ഗവേർണൺസും സാർവ്വത്രികമായ കാലഘട്ടത്തിൽ കമ്പ്യൂട്ടർ സാക്ഷരത അനിവാര്യമായിരിക്കുകയാണ്. കേരളത്തിൽ നിന്ന് കമ്പ്യൂട്ടർ നിരക്ഷരത തുടച്ച് നീക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് ഇ-സാക്ഷരത പദ്ധതി. 40 വയസ്സിനു താഴെ പ്രായമുള്ള മുഴുവൻ വ്യക്തികൾക്കും കമ്പ്യൂട്ടറും ഇന്റർനെറ്റും പ്രവർത്തിപ്പിക്കുന്നതിനുള്ള പ്രാഥമിക ജ്ഞാനം പകർന്നു നൽകി സമ്പൂർണ്ണ ഇ-സാക്ഷരത നേടുന്ന ആദ്യ സംസ്ഥാനമായി കേരളത്തിനെ മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യലക്ഷ്യം. ഇതിനായി ഓരോ ഗ്രാമപഞ്ചായത്തിലും 21 ലക്ഷം രൂപ വീതവും മുൻസിപ്പാലിറ്റികൾക്ക് 2 ലക്ഷം രൂപ വീതവും കോർപ്പറേഷനുകൾക്ക് 5 ലക്ഷം രൂപ വീതവും ആദ്യവർഷം ചെലവ് പ്രതീക്ഷിക്കുന്നു. ആയതിലേയ്ക്കായി 1108 ലക്ഷം രൂപ നീക്കിവയ്ക്കേണ്ടതാണ്.

### 3. രാജീവ്ഗാന്ധി യുവജന ഗവേഷണ വികസന കേന്ദ്രം

യുവജനങ്ങളെ സംബന്ധിച്ച ഗവേഷണ പഠനങ്ങൾ സംഘടിപ്പിക്കുന്നതിനു വേണ്ടി സംസ്ഥാന തലത്തിൽ ഒരു പഠനഗവേഷണ കേന്ദ്രം തുടങ്ങേണ്ടതാണ്. യുവജനങ്ങളുടെ സാമൂഹിക സാമ്പത്തിക. വിദ്യാഭ്യാസ തൊഴിൽപരങ്ങളായ വിവരങ്ങളുടെ ലഭ്യത കുറവ് യുവജനക്ഷേമ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ വളരെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. മാത്രമല്ല കാര്യക്ഷമമായ നിർവ്വഹണത്തിലും ഇത് സങ്കീർണ്ണതകൾ സൃഷ്ടിക്കുന്നുണ്ട്. യുവജനനയം നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ബൗദ്ധിക പിന്തുണ നൽകുന്നതിനു വേണ്ടിയും സംസ്ഥാനത്തെ യുവജനങ്ങളുടെ സ്ഥിതിവിവര റിപ്പോർട്ട് അടിയന്തിരമായി പ്രസിദ്ധീകരിക്കുന്നതിനും വേണ്ടി ഒരു റിസേർച്ച് ഓഫീസർ, മൂന്ന് റിസേർച്ച് അസോസിയേറ്റ്, ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ, 1 ഓഫീസ് അറ്റൻഡന്റ് എന്നിവരുൾപ്പെടെയുള്ള ഒരു ടീമിനെ ഈ പ്രവർത്തനങ്ങൾക്കായി നിയോഗിക്കേണ്ടതുണ്ട്. 2013-14 സാമ്പത്തിക വർഷം ഈ പദ്ധതി തുടങ്ങുന്നതിനു വേണ്ടി 60 ലക്ഷം രൂപ വകയിരുത്തേണ്ടതാണ്.

## 4. യുവശക്തി പദ്ധതിയെ ശക്തിപ്പെടുത്തൽ

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് യുവശക്തി. 2012 ലെ പുതിയ യുവജനനയം കേരള സർക്കാർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പാക്കുന്നതിനു വേണ്ടി യുവശക്തി പദ്ധതിയെ കാലോചിതമായി പരിഷ്ക്കരിച്ച് ശക്തിപ്പെടുത്തേണ്ടതാണ്.

## 4.1 ബ്ലോക്ക് യൂത്ത് റിസോർസ് കേന്ദ്രങ്ങളുടെ സ്ഥാപനം

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുമായി കേരളത്തിലെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഓരോ ബ്ലോക്ക് യൂത്ത് റിസോഴ്സ് സെന്റർ വീതവും കോർപ്പറേഷനുകളിൽ 2 റിസോഴ്സ് സെന്ററുകൾ വീതവും ആരംഭിക്കേണ്ടതാണ്. യുവശക്തി പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കാൻ ഇത് ഉപകരിക്കും മാത്രമല്ല ജില്ലാ യൂത്ത് സെന്ററിന്റെ മേൽനോട്ടവും വിലയിരുത്തലും കാര്യക്ഷമമാക്കാനും ബ്ലോക്ക്തല കേന്ദ്രങ്ങൾ തുടങ്ങുന്നതുവഴി സാധിക്കും. യുവശക്തിയ്ക്ക് പുറമേ 2013-14 സാമ്പത്തിക വർഷത്തിൽ പുതുതായി തുടങ്ങുന്ന ജീവദായിനി (സമഗ്ര രക്തദാന പദ്ധതി) ഇ-സാക്ഷരത (സമ്പൂർണ്ണ കമ്പ്യൂട്ടർ സാക്ഷരതാ യജ്ഞം) എന്നിവ നടപ്പിലാക്കുന്നതിന്റെയും നോഡൽ കേന്ദ്രമായി പ്രവർത്തിക്കുവാൻ ബ്ലോക്ക് യൂത്ത് റിസോഴ്സ് കേന്ദ്രത്തിന് സാധിക്കും. മാത്രമല്ല ബോർഡിന്റെ എല്ലാ പ്രവർത്തനങ്ങളും ജില്ലാതലത്തിൽ നിന്ന് ബ്ലോക്ക് തലത്തിലേയ്ക്ക് വ്യാപിപ്പിച്ച് കൂടുതൽ ജനകീയമാക്കുന്നതിനും ഇത് ഉപകരിക്കും.

മാനസികമായ വെല്ലുവിളികൾ നേരിടുന്ന യുവാക്കൾക്കുള്ള കൗൺസിലിംഗ് ഉൾപ്പെടെയുള്ള നൂതനമായ ക്ഷേമപദ്ധതികളും ബ്ലോക്ക് യൂത്ത് റിസോഴ്സ് കേന്ദ്രത്തിലൂടെ നടപ്പാക്കാൻ കഴിയും. ബ്ലോക്ക് യൂത്ത് റിസോഴ്സ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനു വേണ്ടി 569 ലക്ഷം രൂപ 2013-14 വർഷത്തിൽ വകയിരുത്തേണ്ടതുണ്ട്.

## 4.2 യുവകർമ്മസേന പുന:സംഘടന

2008 ൽ ആരംഭിച്ച യുവകർമ്മസേന വേണ്ട രീതിയിലുള്ള നിരീക്ഷണവിലയിരുത്തൽ സംവിധാനത്തിന്റെ അഭാവം മൂലം തുടങ്ങിയ കാലം മുതൽ തന്നെ സ്തംഭനാവസ്ഥയിലേക്ക് നീങ്ങുകയായിരുന്നു. എന്നാൽ യുവാക്കളുടെ ഒരു കർമ്മസേന പ്രവർത്തിക്കേണ്ടത് നാടിന്റെ ആവശ്യമാണ്. പ്രകൃതി ദുരന്തം, അപകടങ്ങൾ, കലാപങ്ങൾ തുടങ്ങിയ നടക്കുമ്പോൾ രക്ഷാപുനരധിവാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനുവേണ്ടി സജ്ജമായിരിക്കുന്നതിനായി യുവാക്കളുടെ കർമ്മസേന ആവശ്യമാണ്. ഗ്രാമീണ വികസനത്തിനും ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്ന രീതിയിൽ യുവകർമ്മസേനയെ പുന:സംഘടിപ്പിക്കേണ്ടതാണ്. ബ്ലോക്ക്, മുനിസിപ്പൽ തലത്തിൽ 50 പേരേയും കോർപ്പറേഷൻ പരിധിയിൽ 100 പേരേയും ഉൾപ്പെടുത്തി യുവകർമ്മസേനയുടെ സംഘാടനം നടത്താനാണ് ഉദ്ദേശിക്കുന്നത്. അതുവഴി കേരളത്തിലുടനീളം 1560 യുവകർമ്മസേനാംഗങ്ങളെ വിന്യസിക്കാൻ സാധിക്കും. ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി 70 ലക്ഷം രൂപ 2013-14 വർഷത്തിൽ വകയിരുത്തേണ്ടതായിട്ടുണ്ട്.

## 4.3 യുവ കർഷക ക്ലബ്ബുകൾ

യുവാക്കളുടെ ഇടയിൽ കാർഷിക പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും കേരളത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ടി യുവ കർഷകരുടെ ക്ലബ്ബുകൾ വഴി യുവാക്കൾക്ക് സഹായം നൽകാനുദ്ദേശിക്കുന്നു. ഹോർട്ടികൾച്ചറൽ മിഷൻ, ദേശീയ ഔഷധസസ്യ ബോർഡ് തുടങ്ങിയ ഏജൻസികളുമായും സംസ്ഥാന കൃഷിവകുപ്പുമായും സഹകരിച്ച് പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ബോർഡ് ഉദ്ദേശിക്കുന്നു. ഇത് 5 ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനു വേണ്ടി 15 ലക്ഷം രൂപ 2013-14 സാമ്പത്തിക വർഷത്തിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.